K25FY4379 Pages: 2 Reg No:.....
Name:.....

First Semester FYUGP Degree (Reg/Sup) Examination November 2025

KU1DSCMAL103 - INDIAN ITHARA BHASHASAHITHYA PARICHAYAM

2024 Admission onwards

Time : 1.5 hours Maximum Marks : 50

Section A

Answer any 6 questions. Each carry 2 marks.

1. ഗ്രീസിലെ, 'കന്യാശുല്കം' എന്നറിയപ്പെടുന്ന ആചാരം സ്ത്രീധനം എന്ന സാമൂഹ്യതിന്മയിൽ നിന്നും വ്യത്യസ്തമാകുന്നത് എങ്ങനെ ?
ഇലിയഡിലെ പരാമർശത്തെ അടിസ്ഥാനമാക്കി കുറിപ്പെഴുതുക.

2. 'കാര്യങ്ങൾ നേടിയെടുക്കാൻ കൈക്കൂലി വാഗ്ദാനം ചെയ്യുന്ന ശീലം സാർവകാലികമാണ്.'
ഇലിയഡിലെ സുവർണ്ണആപ്പിളിനെ ചൊല്ലിയുള്ള വിവാദത്തെ മുൻനിർത്തി പരിശോധിക്കുക.

3. "നീ അതിനു മാത്രം ഒരുങ്ങണ്ട ; ഞാൻ രക്ഷപ്പെട്ടാൽ നിന്റെ കഥ കഴിക്കും." -
മൈക്കൽ വ്ലസോവ് ഇപ്രകാരം പറയാനിടയായ സന്ദർഭം വിശദമാക്കുക.

4. "മതി, ഇന്നുമുതൽ എന്നോട് യാതൊന്നും ചോദിക്കരുത്. ഇനിമേൽ നിന്നെ പാഷാ രക്ഷിച്ചുകൊള്ളും".
മൈക്കൽ വ്ളസോവ് ഭാര്യയോട് ഇങ്ങനെ പറയാൻ കാരണമെന്ത്?

5. "ആദ്യമൊക്കെ അയാൾക്കതിൽ വിഷമമുണ്ടായിരുന്നുവെങ്കിലും പിന്നെപ്പിന്നെ അതുശീലമായി. "
(കവിയുടെ കല്ലറ) വിശദമാക്കുക.

6. ഡോളിഞ്ചറിന്റെ ശവക്കല്ലറയിൽ രേഖപ്പെടുത്തിയിരുന്നതെന്തായിരുന്നു?

7. മരണം സമീപസ്ഥമായി എന്നതിന് ജോൺസി കണ്ടെത്തുന്ന ന്യായീകരണമെന്തായിരുന്നു?

8. " ഒരു കള്ളൻ നമ്മുടെ കയ്യിലെ ജോലി, നെറ്റിയിലെ വിയർപ്പ്, നമ്മുടെ സമയം ഒക്കെയാണ് മോഷ്ടിക്കുന്നത്. പറയാൻ പറ്റാത്ത വിധം ദേഷ്യമുണ്ടാക്കുന്നതാണത്. "
ആരുടെ വാക്കുകളാണ്? സന്ദർഭം വിശദീകരിക്കുക.

Section B

Answer any 4 questions. Each carry 6 marks.

9. ശൂന്യത എന്ന സങ്കല്പത്തിന് കവിയുടെ കല്ലറ എന്ന കവിതയിലുള്ള സവിശേഷ സ്ഥാനം പരിശോധിക്കുക.

10. "നിശ വിശാലം, അവളുടെ വേർപാടി
ലതിവിശാലമാകുന്നതു കേൾക്കുവാൻ. "
വിരഹിയായ കാമുകന്റെ തീവ്രദുഃഖമാണ് ഈ വരികളിൽ ആവിഷ്കരിക്കപ്പെടുന്നത്. വിലയിരുത്തുക.

11. ഡ്രാക്കുളയുടെ അതിഥി എന്ന കഥയിലെ ജോഹൻ എന്ന കഥാപാത്രത്തിന്റെ ആവിഷ്കാരം കഥാന്തരീക്ഷത്തിന്റെ ദൃഢത നിലനിർത്തുന്നതിൽ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് പരിശോധിക്കുക.

12. കലയുടെ സാമൂഹികധർമ്മത്തെപ്പറ്റി അവസാനത്തെ ഇല എന്ന കഥ നല്കുന്ന സന്ദേശം എന്താണ്?

13. കഥയ്ക്കുള്ളിലെ കഥ എന്ന സങ്കേതം സത്യസന്ധനായ കള്ളൻ എന്ന കഥയിൽ വിജയകരമായി പ്രയോഗിക്കപ്പെട്ടിരിക്കുന്നു - ചർച്ചചെയ്യുക.

14. അനാഥനാക്കപ്പെട്ട ബാലന്റെ യാതനാനിർഭരമായ ജീവിതവും സ്നേഹിക്കപ്പെടാനുള്ള തീവ്രമായ ആഗ്രഹവും വാങ്ക എന്ന കഥയിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്ന് പരിശോധിക്കുക.

Section C

Answer any 1 questions. Each carry 14 marks.

15. സർവ്വലൗകികവും സർവ്വകാലികവുമായ മനുഷ്യവികാരങ്ങൾ തന്നെയാണ് എല്ലാ ഇതിഹാസകാവ്യങ്ങളുടെയും പ്രമേയം.ഇലിയഡിനെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുക.

16. ഏകാന്തതയുടെ നൂറു വർഷങ്ങൾ എന്ന നോവലിന് മലയാള വിവർത്തനനോവൽചരിത്രത്തിലുള്ള സ്ഥാനം പരിശോധിക്കുക.

SIR SYED COLLEGE
CENTRAL LIBRARY